**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3091** **14-02-2024 - ൽ മറുപടിയ്ക്ക്**

**കരീച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരീച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കാരിച്ചാൽ കടവ് ചെക്ക് ഡാം കം ബ്രിഡ്ജിന്റെ ബാലൻസ് പ്രവൃത്തിയിൽ പ്രീകാസ്റ്റ് പൈലുകൾ, പിയർ, അബട്ട്മെൻറ് എന്നിവയുടെ നിർമ്മാണം നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരന്റെ കരാർ ഉടമ്പടി അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വ ത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. ആയതിൻ പ്രകാരം കരാറുകാരന്റെ പ്രാഥമിക ബാധ്യത 3 മാസത്തിനകം സർക്കാരിലേക്ക് അടക്കുവാൻ 17/04/2023-ൽ കരാറുകാരനെ അറിയിച്ചിട്ടുണ്ടാ യിരുന്നു. എന്നാൽ ഇതുവരെ ടി തുക അടച്ചിട്ടില്ല. ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ PWD manual 2116.2 (V,VI) പ്രകാരം കോൺട്രാക്ട് ലൈസൻസ് നൽകിയ എം.വി.ഐ.പി. മൂവാറ്റുപുഴ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 19/04/2023-ൽ ടിയാന്റെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ സർക്കാറിനെതിരെ WA 916/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ 22/08/2023-ലെ ജഡ്ജ്മെന്റ് പ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ച ഹർജി പരിശോധിക്കുകയും, ടിയാനെ നേരിൽ കേൾക്കുകയും ചെയ്തി ട്ടുള്ളതാണ്. ഈ വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. ക്രമപ്രകാരമുള്ള കോടതി നടപടികളും തുടർന്നുവരികയാണ്. |
| (സി) | പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (സി) | ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരന്റെ കരാർ ഉടമ്പടി അദ്ദേഹത്തിന്റെ നഷ്ടോത്തരവാദിത്വ ത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. ആയതിൻ പ്രകാരം കരാറുകാരന്റെ പ്രാഥമിക ബാധ്യത 3 മാസത്തിനകം |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് അടക്കുവാൻ 17/04/2023-ൽ കരാറുകാരനെ അറിയിച്ചിട്ടുണ്ടാ യിരുന്നു. എന്നാൽ ഇതുവരെ ടി തുക അടച്ചിട്ടില്ല. ടി പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ PWD manual 2116.2 (V,VI) പ്രകാരം കോൺട്രാക്ട് ലൈസൻസ് നൽകിയ എം.വി.ഐ.പി. മൂവാറ്റുപുഴ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 19/04/2023-ൽ ടിയാന്റെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം ഹൈക്കോടതിയിൽ സർക്കാറിനെതിരെ WA 916/2023 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ 22/08/2023-ലെ ജഡ്ജ്മെന്റ് പ്രകാരം ടിയാൻ സർക്കാരിൽ സമർപ്പിച്ച ഹർജി പരിശോധിക്കുകയും, ടിയാനെ നേരിൽ കേൾക്കുകയും ചെയ്തി ട്ടുള്ളതാണ്. ഈ വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. ക്രമപ്രകാരമുള്ള കോടതി നടപടികളും തുടർന്നുവരികയാണ്. |
| (ഡി) | പുതിയ കരാറുകാരൻ പ്രസ്തുത പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (ഡി) | പ്രോഗ്രാം ചാർട്ട് തയ്യാറാക്കി പ്രസ്തുത പദ്ധതി ആഗസ്റ്റ് 2024-നുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ